**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3972** **31.01.2014** ൽ മറുപടിയ്ക്ക്

**പുതിയ ക്വാറികൾക്ക് പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റിയുടെ അനുമതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എ.കെ.ശശീന്ദ്രൻ**<br>**" തോമസ് ചാണ്ടി** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | പുതിയ ക്വാറികൾ നടത്താൻ സംസ്ഥാന പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. സ്റ്റേറ്റ് എൻവിയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി നൽകിയ ക്ലിയറൻസിന്റെ അടിസ്ഥാനത്തിൽ 8 ക്വാറികൾക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പുതിയ ക്വാറികൾ തുടങ്ങുന്നതിന് മുമ്പ് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായമാരായുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (ബി) | പുതിയ ക്വാറികൾ തുടങ്ങുന്നതിന് മുൻപ് പാരിസ്ഥിതികാനുമതിയ്ക്കായി പൊതു ജനങ്ങളിൽ നിന്ന് അഭിപ്രായം ആരായുന്നത് സ്റ്റേറ്റ് എൻവയോൺമെന്റ് ഇമ്പാക്റ്റ് അസസ്മെന്റ് അതോറിറ്റിയാണ്. 50 ഹെക്ടറിനു മുകളിൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് അനുമതി നൽകുന്നതിന് മുമ്പ് SLEIAA പൊതുജനാഭിപ്രായം ആരായാറുണ്ട്. |
| (സി) | അനുവാദം നൽകിയിട്ടുള്ള ക്വാറികൾ അനുമതി നൽകിയ സ്ഥലത്ത് തന്നെയാണ് ഖനനം നടത്തുന്നത് എന്നുറപ്പുവരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ? | (സി) | ഖനനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ (കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, അസൈൻമെന്റ് സർട്ടിഫിക്കറ്റ്) ഹാജരാക്കുന്നമുറയ്ക്ക് സ്ഥലപരിശോധന നടത്തിയശേഷമാണ് പെർമിറ്റ് അനുവദിക്കുന്നത്. ഖനനാനുമതി നൽകുന്ന സ്ഥലത്തിന്റെ അതിരുകളിൽ Boundary Pillars സ്ഥാപിക്കുന്നതിനും കമ്പിവേലികെട്ടി തിരിക്കുന്നതിനും ക്വാറി ഉടമകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. തുടർ പരിശോധനയിലൂടെ ഖനന അനുമതിയുള്ള സ്ഥലത്താണു ഖനനം നടക്കുന്നതെന്ന് ഉറപ്പാക്കുന്നു. തുടർ പരിശോധനയിൽ അനധികൃതമായി ഖനനം നടത്തിയതായി ബോദ്ധ്യപ്പെടുന്ന പക്ഷം 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ